**പതിനാലാം കേരള നിയമസഭ**
**പത്തൊൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2609** 13.03.2020-ൽ മറുപടിയ്ക്ക്

**പൊതുമരാമത്ത് റോഡുകളിലെ കയ്യേറ്റങ്ങൾ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.വി. അബ്ദുറഹിമാൻ** | | **ശ്രീ.ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി)** | |
| (എ) | സംസ്ഥാനത്തെ പൊതുമരാമത്ത് റോഡുകളിൽ ഗതാഗതം തടസ്സപ്പെടുത്തുന്ന രീതിയിലും അപകടം സൃഷ്ടിക്കുന്ന രീതിയിലുമുള്ള നിരവധി കയ്യേറ്റങ്ങൾ ഉള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് സ്വീകരിച്ച് വരുന്ന നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ; | (ബി) & (സി) | 1999 ലെ ഹൈവേ പ്രൊട്ടക്ഷൻ ആക്ട് പ്രകാരം പൊതുമരാമത്ത് നിരത്ത് വിഭാഗത്തിന് കീഴിലുള്ള റോഡുകളിലെ കൈയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനുള്ള ചുമതല അതാത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കാണ്. പൊതുമരാമത്ത് റോഡുകളിലെ കൈയ്യേറ്റങ്ങൾ ബോദ്ധ്യപ്പെട്ടാൽ കൈയ്യേറിയ വ്യക്തികൾക്കോ സ്ഥാപനങ്ങൾക്കോ ഹൈവേ പ്രൊട്ടക്ഷൻ ആക്ട് പ്രകാരം നോട്ടീസ് നൽകുകയും സ്വമേധയാൽ ഒഴിഞ്ഞു പോകാത്ത കൈയ്യേറ്റക്കാർക്ക് പൊതുമരാമത്ത് വകുപ്പ് നേരിട്ട്. പോലീസ്, റവന്യൂ വകുപ്പുകളുടെ പങ്കാളിത്തത്തോടെ കയ്യേറ്റം ഒഴിപ്പിച്ചു വരുന്നു. ഇതു കൂടാതെ WP(C) No. 22750/2018(P) മേലുള്ള ബഹു.ഹൈക്കോടതിയുടെ 30.01.2020, 29.02.2020 എന്നീ തീയതികളിലെ ഉത്തരവ് പ്രകാരം അനധികൃത കൈയ്യേറ്റങ്ങൾ ഒഴിപ്പിച്ച് റിപ്പോർട്ട് സമർപ്പിക്കുവാനുള്ള നിർദ്ദേശം എല്ലാ |
| (സി) | നിയമങ്ങളും ചട്ടങ്ങളും പാലിക്കാതെ റോഡുകൾ കയ്യേറി പുതിയ കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോഴും നടക്കുന്നത് തടയുന്നതിനും റോഡുകൾ സമ്പൂർണ്ണമായി കാൽനടയ്ക്കും വാഹന ഗതാഗതത്തിനും ഉതകുന്ന രീതിയിൽ നിർമ്മിച്ചെടുക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോ? | | |

എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും നൽകിയിട്ടുണ്ട്.

റോഡുകൾ അപകടങ്ങൾ കുറയ്ക്കുന്നതിനും, കാൽനട യാത്രക്കാർക്ക് സുരക്ഷിത യാത്ര സാധ്യമാക്കുന്നതിനും. ദേശീയപാത വിഭാഗത്തിന്റെ അധീനതയിൽ തിരക്കുള്ള ജംഗ്ഷനുകളിൽ സ്ഥലലഭ്യത അനുസരിച്ച് ഫുട്പാത്തുകൾ നൽകാറുണ്ട്. കൂടാതെ കാലാകാലങ്ങളിൽ റോഡ് സേഫ്റ്റി ഓഡിറ്റുകൾ നടത്തുകയും ആയതിൻ പ്രകാരം തിരക്കുള്ള ജംഗ്ഷനുകളിൽ ഫുട്പാത്തുകൾ നിർമ്മിക്കുകയും ചെയ്യാറുണ്ട്. ഫുട്പാത്തുകളിൽ അനധികൃത കൈയ്യേറ്റം കണ്ടെത്തിയാൽ കൈയ്യേറ്റക്കാർക്ക് നോട്ടീസ് നൽകുകയും വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് പോലീസിന്റെ സഹായത്തോടെ ഒഴിപ്പിക്കുന്നതിനും നടപടി സ്വീകരിക്കാറുണ്ട്. റോഡുകൾ ടാർ ചെയ്യുന്നതിനോടൊപ്പം തന്നെ വശങ്ങൾ മണ്ണിട്ട് നിരപ്പാക്കുന്ന പ്രവൃത്തികളും നടപ്പിലാക്കാറുണ്ട്. പല സ്ഥലങ്ങളിലും ടൈലുകൾ പാകി ശക്തിപ്പെടുത്തി കാൽനട യാത്രക്കാർക്ക് സുരക്ഷിതമായ സഞ്ചാരത്തിന് വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 4/6 വരി പാതയായി വികസിപ്പിക്കുമ്പോൾ ഫുട്പാത്ത് നിർമ്മാണവും കാൽനട യാത്രക്കാരുടെ സുരക്ഷയും ഉറപ്പ് വരുത്തുന്നുണ്ട്.

സെക്ഷൻ ഓഫീസർ